## ഗ്രാമ ന്യായാലയ കോടതി, പാറശ്ശാല

## ഹാജർ: Mrs.ഷെഫ്ന. എസ്, ന്യായാധികാരി,

## ഗ്രാമന്യായാലയ, പാറശ്ശാല.

തീയതി: 2026 മാർച്ച്, 17/ 1947 ഫാൽഗുനം 26

<u>കേസ് നമ്പർ. **S.T.431/2023**</u>

(പൂവ്വാർ പോലീസ് സ്റ്റേഷൻ ക്രൈം: **338/2012**)

| | | |
|---|---|---|
| വാദി | : | സബ്ബ് ഇൻസ്പെക്ടർ ഓഫ് പോലീസ്, പൂവ്വാർ പോലീസ് സ്റ്റേഷൻ പ്രതിനിധീകരിക്കുന്നത് ശ്രീമതി. ഷൈമ ഇക്ബാൽ (അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ) |
| പ്രതി | : | സന്തോഷ്, വയസ്സ് 27/12, S/o.സൈമൺ, മേക്കുംകര വീട്, ആലത്തൂർതലക്കോട്ടുകോണം, പെരുങ്കടവിള ദേശം, പെരുങ്കടവിള വില്ലേജ്. (അഭിഭാഷകൻ : കെ.ശശി) |
| വകുപ്പുകൾ | : | ഭാരതീയ ശിക്ഷാസംഹിതയുടെ 279, 304 A |
| പ്രതിയുടെ വാദം | : | കുറ്റം ചെയ്തിട്ടില്ല |
| കണ്ടെത്തൽ | : | കുറ്റം ചെയ്തിട്ടില്ല |
| ഉത്തരവ് | : | പ്രതിയെ കുറ്റവിചാരണ നടപടി സംഹിതയുടെ 255(1) -ആം വകുപ്പ പ്രകാരം കുറ്റവിമുക്തനാക്കിയിരിക്കുന്നു. |

### <u>പ്രതിയുടെ വിവരങ്ങൾ</u>

| Sl. No. | പോലീസ് സ്റ്റേഷന്റെ പേരും ക്രൈം നമ്പരും | പേര് | അച്ഛന്റെ പേര് | ജോലി | താമസസ്ഥലം | വയസ്സ് |
|---|---|---|---|---|---|---|
| 1. | പൂവ്വാർ പോലീസ് സ്റ്റേഷൻ ക്രൈം: 338/12 | സന്തോഷ് | സൈമൺ | - | പെരുങ്കടവിള | 27/12 |

### <u>തീയതികൾ</u>

| സംഭവം നടന്നത് | പരാതി കൊടുത്തത് | പ്രതിയെ അറസ്റ്റ് ചെയ്തത് | ജാമ്യത്തിൽ വിട്ടത് | വിചാരണ തുടങ്ങിയത് | എവിഡൻസ് തുടങ്ങിയത് |
|---|---|---|---|---|---|
| 14.05.2012 | 15.05.2012 | 06.07.2012 | 06.07.2012 | 17.11.2017 | 03.07.2025 |

| വിചാരണ അവസാനിച്ചത് | ഉത്തരവ് | കാലതാമസം | തടവിൽ കഴിഞ്ഞ കാലയളവ് |
|---|---|---|---|
| 12.03.2026 | 17.03.2026 | ഇല്ല | - |

ഈ വ്യവഹാരം 12.03.2026 ൽ ഇരുകക്ഷികളുടേയും അഭിഭാഷകരുടേയും സാന്നിദ്ധ്യത്തിൽ വാദം കേട്ട് പൂർത്തിയായതിനാൽ താഴെ പറയുന്ന വിധിന്യായം ഇരുകക്ഷികളുടേയും അഭിഭാഷകരുടേയും സാന്നിദ്ധ്യത്തിൽ ഇന്നേദിവസം തുറന്ന കോടതിയിൽ പ്രസ്താവിച്ചിരിക്കുന്നു.

<u>വിധിന്യായം</u>

1. പൂവ്വാർ പോലീസ് ഭാരതീയ ശിക്ഷാസംഹിതയുടെ 279, 304 A എന്നീ വകുപ്പുകൾ പ്രകാരമുള്ള കുറ്റങ്ങൾ ചേർത്ത് ക്രൈം നമ്പർ 338/2012 ആയി പതിച്ച നടപടിയിൽ നിന്ന് ഉൽഭവിച്ച വ്യവഹാരമാണിത്.

2. പ്രതി KL-20-B-8564-ആം നമ്പർ മോട്ടോർസൈക്കിളിന്റെ ഡ്രൈവറായി ചുമതല വഹിച്ച് അപാകമായും ഉദാസീനമായും മനുഷ്യജീവന് ആപത്ത് വരത്തക്ക വിധം അമിതവേഗതയിൽ നെയ്യാറ്റിൻകര – പൂവ്വാർ റോഡേ പൂവ്വാർ ഭാഗത്തേയ്ക്ക് മരണപ്പെട്ട ജീവരത്നത്തെ പുറകിലിരുത്തി ഓടിച്ച് വന്ന് തിരുപുറം വില്ലേജിൽ പന്നിക്കുഴിക്കാല ജംഗ്ഷന് സമീപം എത്തിയ സമയം ടി റോഡിൽ സ്ഥാപിച്ചിട്ടുള്ള ഹമ്പിൽ കയറ്റിയിറക്കിയ സമയം ടി വാഹനത്തിൽ നിന്ന് തെറിച്ച് റോഡിൽ വീണതിൽ വച്ച് ജീവരത്നത്തിന് തലയ്ക്കും മറ്റും ഗുരുതര പരിക്കുകൾ സംഭവിക്കുന്നതിനിടയാക്കിയും തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ചികിത്സയിലിരിക്കെ 15.05.2012 വെളുപ്പിന് 03.15 മണിയ്ക്ക് ടിയാൾക്കേറ്റ പരിക്കുകളുടെ കാഠിന്യത്താൽ മരണപ്പെട്ടുപോകുന്നതിനുമിടയാക്കി ഭാരതീയ ശിക്ഷാസംഹിതയുടെ 279, 304 A എന്നീ വകുപ്പുകൾ പ്രകാരമുള്ള കുറ്റം ചെയ്തു എന്നതാണ് കുറ്റചുമത്തം.

3. യഥാർത്ഥത്തിൽ, അന്തിമ റിപ്പോർട്ട് നെയ്യാറ്റിൻകര ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി-II മുമ്പാകെ സമർപ്പിച്ചു. ആയത് സി.സി ന ം.1310/2012 ആയി ഫയലിൽ സ്വീകരിച്ചു. കുറ്റവിചാരണ നടപടി സംഹിതയുടെ 173-ആം വകുപ്പ് പ്രകാരമുള്ള ഈ വ്യവഹാരത്തിലെ കുറ്റപത്രം പരിശോധിച്ച് പരിഗണനക്ക് എടുക്കാൻ

തക്ക കാരണങ്ങൾ ടി കുറ്റപത്രത്തിൽ ഉണ്ട് എന്ന് കണ്ട് കേസ് നമ്പരിട്ട് പ്രതിയ്ക്ക് കോടതിയിൽ ഹാജരാകാനുള്ള കല്പന അയക്കുകയും ചെയ്തു.

4. പ്രതി ജാമ്യക്കാർ സഹിതം കോടതിയിൽ ഹാജരായി. ജാമ്യത്തിന് അർഹനായതിനാൽ പ്രതിയെ ജാമ്യത്തിൽ വിട്ടു.

5. കുറ്റപത്രത്തിന്റെയും അനുബന്ധരേഖകളുടെയും പകർപ്പുകൾ പ്രതിയ്ക്ക് നൽകി. പ്രതിഭാഗം അഭിഭാഷകൻ അവ പൂർണ്ണവും സ്പഷ്ടവും ആണ് എന്ന് സമ്മതിച്ച് സമർപ്പിച്ചതിനാൽ കുറ്റവിചാരണ നടപടി സംഹിതയുടെ 207 ആം വകുപ്പ് പ്രകാരമുള്ള നടപടി ക്രമങ്ങൾ പൂർത്തിയാക്കി.

6. പ്രതിയെ ഇൻഡ്യൻ ശിക്ഷാ നിയമം 279, 304 A എന്നീ വകുപ്പുകൾ പ്രകാരമുള്ള കുറ്റച്ചുരുക്കം വായിച്ചു കേൾപ്പിച്ചു. പ്രതി കുറ്റം നിഷേധിച്ച് വിചാരണ വേണമെന്ന് ആവശ്യപ്പെട്ടു. അതിനു ശേഷം, ബഹുമാനപ്പെട്ട തിരുവനന്തപുരം ജില്ലാ ജഡ്ജിയുടെ ഉത്തരവ് പ്രകാരം ഈ കേസ് ഈ കോടതിയിലേക്ക് മാറ്റുകയും നിലവിലെ കേസ് ST 431/2023 നമ്പരായി പുനർനാമകരണം ചെയ്യുകയും ചെയ്തു.

7. പ്രതിയ്ക്കെതിരെ ആരോപിച്ച കുറ്റം തെളിയിക്കുന്നതിലേയ്ക്കായി പ്രോസിക്യൂഷൻ ഭാഗത്തുനിന്നും സമർപ്പിച്ച സാക്ഷിപ്പട്ടികയിലെ സാക്ഷികളെ PW1 മുതൽ PW4 ആയി വിസ്തരിക്കുകയും Ext.P1 മുതൽ Ext.P12 വരെ രേഖകളെ അക്കമിട്ട് തെളിവിൽ സ്വീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. CW1 നെ ഹാജരാക്കുന്നതിനായി നിരവധി അവസരങ്ങൾ നൽകിയിട്ടും ടിയാനെ ഹാജരാക്കുന്നതിൽ വിചാരണാഭാഗം വീഴ്ച വരുത്തി. ആയതിനാൽ ടി സാക്ഷിയെ വിസ്തരിക്കുന്നത് ഒഴിവാക്കി. CW4 മുതൽ CW10 വരെയുള്ള സാക്ഷികളുടെ സാന്നിധ്യം തെളിവിനായി സമാഹരിക്കാൻ സാധിക്കാതിരുന്നതിനാൽ ആദരണീയയായ അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ ടി സാക്ഷികളെ വിസ്തരിക്കുന്നത് ഒഴിവാക്കിയിട്ടുള്ളതാണ്. ഇതോടെ പ്രോസിക്യൂഷൻ

ഭാഗം തെളിവ് അവസാനിപ്പിച്ചു.

8. പ്രോസിക്യൂഷൻ ഭാഗം തെളിവെടുപ്പിനു ശേഷം പ്രതിയോട് കുറ്റവിചാരണ നടപടി സംഹിതയുടെ S.313 (1) (b) അനുസരിച്ചുള്ള ചോദ്യങ്ങൾ ചോദിച്ചു.

9. പ്രതി തനിക്കെതിരായുള്ള എല്ലാ തെളിവുകളും നിരാകരിക്കുകയും താൻ നിരപരാധിയാണെന്ന് സമർപ്പിക്കുകയും ചെയ്തു.

10. പ്രതിഭാഗം തെളിവൊന്നും ഹാജരാക്കിയിട്ടില്ല.

11. ഇരുഭാഗത്തെയും വാദം കേട്ട ശേഷം താഴെ പറയുന്ന സംഗതികളാണ് അന്തിമനിർണ്ണയത്തിനായി വന്നിട്ടുള്ളത്:

   1. പ്രതി KL-20-B-8564-ആം നമ്പർ മോട്ടോർസൈക്കിൾ അപാകമായും ഉദാസീനമായും അമിതവേഗതയിൽ ഓടിച്ച് വന്ന് അപകടം സംഭവിപ്പിച്ച് ഭാരതീയ ശിക്ഷാ സംഹിതയുടെ 279-ആം വകുപ്പ് പ്രകാരമുള്ള കുറ്റം ചെയ്തിട്ടുള്ളതായി പ്രോസിക്യൂഷൻ ഭാഗത്തിന് സംശയാതീതമായി തെളിയിക്കാൻ സാധിച്ചിട്ടുണ്ടോ?

   2. പ്രതി KL-20-B-8564-ആം നമ്പർ മോട്ടോർസൈക്കിൾ അപാകമായും ഉദാസീനമായും ഓടിച്ചു വന്ന് മര്യാപുരത്തിന് സമീപം വച്ച് അപകടം സംഭവിപ്പിച്ച് ജീവരത്നം എന്നയാൾ മരണപ്പെടുന്നതിനിടയാക്കി ഭാരതീയ ശിക്ഷാ സംഹിതയുടെ 304 A-ആം വകുപ്പ് പ്രകാരമുള്ള കുറ്റം ചെയ്തിട്ടുള്ളതായി പ്രോസിക്യൂഷൻ ഭാഗത്തിന് സംശയാതീതമായി തെളിയിക്കാൻ സാധിച്ചിട്ടുണ്ടോ?

   3. കേസിലെ തീരുമാനം എന്താണ്?

12. <u>**സാക്ഷിമൊഴികളുടെ വിവരണം:-**</u> PW1, PW2 ആയി വിസ്തരിച്ചിരിക്കുന്നത് കേസിലെ ദൃക്സാക്ഷികളെയാണ്. തങ്ങൾ അപകടം കണ്ടിട്ടില്ലായെന്നും കണ്ടതായി പോലീസിൽ മൊഴി കൊടുത്തിട്ടില്ലായെന്നാണ് കോടതിയിൽ മൊഴി തന്നിരിക്കുന്നത്.

13. PW3 മുഖ്യവിസ്താരത്തിൽ മൊഴി തന്നിരിക്കുന്നത് താൻ പൂവ്വാർ പോലീസ് സ്റ്റേഷനിൽ

എസ്.എച്ച്.ഒ ആയിരിക്കെ 10.9.2012 തീയതി കേസിന്റെ അന്വേഷണം 11-ാം സാക്ഷി പൂർത്തീകരിച്ചിരുന്നതും ഇൻസ്പെക്ഷൻ റിപ്പോർട്ട് വാങ്ങി ഹാജരാക്കി കേസിന്റെ റെക്കോർഡുകൾ വേരിഫൈ ചെയ്ത് ചാർജ്ഷീറ്റ് 10.9.2021-ൽ ഹാജരാക്കിയിട്ടുള്ളത് താനാണെന്നും ചാർജിനോടൊപ്പം താൻ ഹാജരാക്കിയിട്ടുള്ള Ext.P1 വെഹിക്കിൾ ഇൻസ്പെക്ഷൻ റിപ്പോർട്ടാണ് തന്നെ ഇപ്പോൾ കാണിച്ചത് എന്നും തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നിന്നും അയച്ച് കിട്ടിയിട്ടുള്ള Ext.P2 പോസ്റ്റ്മോർട്ടം സർട്ടിഫിക്കറ്റ് കോടതിയിൽ ഹാജരാക്കിയിട്ടുള്ളത് താനാണെന്നുമാണ്.

14. PW4 മൊഴി തന്നിരിക്കുന്നത് താൻ പൂവ്വാർ പോലീസ് സ്റ്റേഷനിൽ GSI ആയി ജോലി നോക്കവെ സംഭവത്തെ സംബന്ധിച്ച് ഒന്നാം സാക്ഷിയുടെ Ext.P3 മൊഴി രേഖപ്പെടുത്തി ടി മൊഴിയുടെ അടിസ്ഥാനത്തിൽ താൻ Ext.P4 FIR ചെയ്തു എന്നും തുടർന്ന് കേസിന്റെ അന്വേഷണം നടത്തുന്നതിലേക്ക് മേൽ ഉദ്യോഗസ്ഥർ തന്നെ ചുമതലപ്പെടുത്തിയിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ 15-05-2012-ൽ തിരുവനന്തപുരം മെഡിക്കൽ കോളേജ് മോർച്ചറിയിൽ ഹാജരായി മരണപ്പെട്ട വ്യക്തിയുടെ Ext.P5 പ്രേതവിചാരണ റിപ്പോർട്ട് താൻ തയ്യാറാക്കി എന്നും തുടർന്ന് മൃതദേഹം പോസ്റ്റ്മോർട്ടം ചെയ്ത് 10-ാം സാക്ഷി മുഖാന്തരം ബന്ധുക്കൾക്ക് വിട്ട് നൽകിയിട്ടുള്ളതാണ് എന്നും തുടർന്ന് 16.5.2012 തീയതി കൃത്യസ്ഥലത്ത് ഹാജരായി Ext.P6 കൃത്യസ്ഥല മഹസർ തയ്യാറാക്കിയെന്നും കൃത്യസ്ഥലം തിരുപുറം പന്നിക്കുഴിക്കാല എന്ന സ്ഥലത്തെ പൂവ്വാർ - നെയ്യാറ്റിൻകര റോഡാണ് എന്നും തുടർന്ന് അപകടത്തിന് കാരണമായ KL-20-B-8564-ാം നമ്പർ ബൈക്ക് ഉടമസ്ഥൻ ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ വാഹനം പരിശോധിച്ച് Ext.P7 വാഹനമഹസർ തയ്യാറാക്കിയെന്നും വാഹന ഉടമയ്ക്ക് വാഹനം ഹാജരാക്കുന്നതിലേക്ക് Ext.P8 നോട്ടീസ് നൽകി Ext.P9 മറുപടി വാങ്ങിയിട്ടുള്ളതാണ് എന്നും വാഹനം Ext.P10 മൂന്നാം സ്ഥാനക്കൈച്ചീട്ട് പ്രകാരം

ആർ.സി ഓണർക്ക് 3-ാം സ്ഥാനത്ത് വിട്ടുനൽകിയിട്ടുള്ളതാണ് എന്നും വാഹനം 8-ാം സാക്ഷി പരിശോധിച്ച് തയ്യാറാക്കിയ Ext.P1 ഇൻസ്പെക്ഷൻ റിപ്പോർട്ട് കോടതിയിൽ ഹാജരാക്കിയിട്ടുണ്ട് എന്നും പ്രതിയുടെ മേൽവിലാസം തിരിച്ചറിഞ്ഞതിലേക്ക് കോടതിയിൽ Ext.P11 റിപ്പോർട്ട് ഹാജരാക്കിയിട്ടുണ്ട് എന്നും തുടർന്ന് പ്രതിയെ അറസ്റ്റ് ചെയ്ത് മതിയായ ജാമ്യക്കാരുടെ ജാമ്യത്തിന്മേൽ Ext.P2 ജാമ്യകൈച്ചീട്ട് പ്രകാരം ജാമ്യത്തിൽ വിട്ടിട്ടുള്ളതാണ് എന്നും തുടർന്ന് അന്വേഷണം പൂർത്തിയാക്കി ചാർജ് ഹാജരാക്കിയിട്ടുള്ളത് CW12 ആണെന്നുമാണ്.

15. **<u>ഒന്നും രണ്ടും സംഗതികൾ:</u>** വസ്തുതകളുടെ ആവർത്തനം ഒഴിവാക്കാനും അവലോകന സൗകര്യത്തിനുമായി ഒന്നും രണ്ടും സംഗതികൾ ഒരുമിച്ച് പരിഗണിക്കുന്നു. മുകളിൽ വിശദീകരിച്ചിരിക്കുന്ന സാക്ഷിമൊഴികൾ വിശകലനം ചെയ്യുമ്പോൾ ഈ കേസിലെ ആവലാതിക്കാരനെ വിസ്തരിച്ചിട്ടില്ല. കേസിൽ വിസ്തരിച്ച ദൃക്സാക്ഷികളായ PW1 ഉം PW2 ഉം പ്രോസിക്യൂഷൻ കേസിന് അനുകൂലമായി മൊഴി പറഞ്ഞിട്ടില്ല. PW3, PW4 ആയി വിസ്തരിച്ചിരിക്കുന്നത് കേസിലെ പോലീസുദ്യോഗസ്ഥരെയാണ്. ടിയാന്മാരുടെ മൊഴിയിൽ പ്രതിയെ അറസ്റ്റ് ചെയ്തു എന്നും പ്രതിയുടെ പേരും വിലാസവും തിരിച്ചറിഞ്ഞു എന്നും പറയുന്നുണ്ടെങ്കിലും കേസിലെ പ്രതിയെ കൃത്യവുമായി ബന്ധിപ്പിക്കുന്ന യാതൊരു തെളിവുകളും വിചാരണാഭാഗം ഹാജരാക്കിയിട്ടില്ല. PW3, PW4 വഴി Ext.P1 മുതൽ Ext.P12 വരെയുള്ള രേഖകൾ തെളിവിൽ സ്വീകരിച്ചെങ്കിലും ടിയാന്മാരുടെ മൊഴിയിലൂടെ കേസിനാസ്പദമായ സംഭവം ഉണ്ടായി എന്ന് മാത്രമേ അനുമാനിക്കാൻ സാധിക്കുകയുള്ളൂ. കൂടാതെ അറസ്റ്റ് ചെയ്ത പ്രതിയാണ് സംഭവസമയം ലക്ഷ്യം വക KL-20-B-8564-ആം നമ്പർ മോട്ടോർസൈക്കിളിന്റെ ഡ്രൈവറായി ഉണ്ടായിരുന്നത് എന്ന് കാണിക്കുന്ന യാതൊരു തെളിവുകളും ടിയാന്റെ മൊഴിയിൽ നിന്നും വെളിവാകുന്നില്ല. കൂടാതെ കേസിലെ മറ്റ് സാക്ഷികളെയൊന്നും

വിസ്തരിച്ചിട്ടുമില്ല.

16. മേൽ വിവരിച്ചിട്ടുള്ള സംഗതികളിൽ നിന്നും ടി പ്രതി തന്നെയാണ് കൃത്യ സമയം KL-20-B-8564-ആം നമ്പർ മോട്ടോർസൈക്കിൾ ഓടിച്ചതെന്നോ, പ്രതി അശ്രദ്ധമായോ അപാകമായോ വാഹനം ഓടിച്ചതു കാരണമാണ് ടി അപകടം ഉണ്ടായത് എന്നോ തെളിയുന്നില്ല. ആയതിനാൽ തന്നെ പ്രതി ഇൻഡ്യൻ ശിക്ഷാ നിയമം 279, 304 A വകുപ്പുകൾ പ്രകാരം ഉള്ള കുറ്റങ്ങൾ ചെയ്തതായി സംശയാതീതമായി തെളിയിക്കാൻ പ്രോസിക്യൂഷനു സാധിച്ചിട്ടില്ല എന്ന് ഈ കോടതി കണ്ടെത്തിയിരിക്കുന്നു. ആയതിനാൽ ഒന്നും രണ്ടും സംഗതികളിൽ പറഞ്ഞ സൂചനകൾ എല്ലാം തന്നെ പ്രോസക്യൂഷന് എതിരായി ഈ കോടതി കണ്ടെത്തിയിരിക്കുന്നു.

17. <u>**മൂന്നാം സംഗതി:**</u> ഒന്നും രണ്ടും സംഗതികളിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ പ്രതി ഭാരതീയ ശിക്ഷാ സംഹിതയുടെ 279, 304 A എന്നീ വകുപ്പുകൾ പ്രകാരമുള്ള കുറ്റങ്ങൾ ചെയ്തിട്ടില്ല എന്ന് കണ്ടെത്തി പ്രതിയെ കുറ്റവിചാരണ നടപടി സംഹിതയുടെ 255(1) -ആം വകുപ്പ് പ്രകാരം കുറ്റവിമുക്തനാക്കിയിരിക്കുന്നു. പ്രതിയുടെ ജാമ്യക്കെച്ചീട്ട് റദ്ദാക്കിയിരിക്കുന്നു. പ്രതിയെ നിരുപാധികം സ്വതന്ത്രനാക്കി വിട്ടയക്കുന്നു.

18. ഈ വിധിക്കെതിരെ ആക്ഷേപമുണ്ടെങ്കിൽ 30 ദിവസത്തിനകം ബഹുമാനപ്പെട്ട തിരുവനന്തപുരം സെഷൻസ് കോടതിയിൽ അപ്പീൽ സമർപ്പിക്കാവുന്നതാണ്.

(ഞാൻ പറഞ്ഞു കൊടുത്തതു പ്രകാരം കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് എഴുതിയെടുത്ത് കമ്പ്യൂട്ടറിൽ ടൈപ്പ് ചെയ്ത് ഞാൻ തിരുത്തി ഇന്ന് 2026 മാർച്ച് മാസം 17 ആം തീയതി തയ്യാറാക്കി തുറന്ന കോടതിയിൽ വിധി പ്രസ്താവിച്ചിരിക്കുന്നു)

Sd/-

**ന്യായാധികാരി.**

## APPENDIX

## List of Prosecution / Defence/ Court Witnesses

## (Rule 134 Criminal Rules of Practice, Kerala)

1. **Prosecution Witness**

| Rank | Name | Whether Eye witness, Police witness, Expert witness, Medical witness, Other witness |
|---|---|---|
| PW1 | ഷനോജ് | ദൃക്സാക്ഷി |
| PW2 | ഷൈജു | ദൃക്സാക്ഷി |
| PW3 | എ.അനിൽകുമാർ | അന്വേഷണ ഉദ്യോഗസ്ഥൻ |
| PW4 | കെ.ആർ വിജയൻ | പോലീസുദ്യോഗസ്ഥൻ |

2. **Defence Witness : Nil**
3. **Court Witness : Nil**

## List of Prosecution / Defence/ Court Exhibits

4. **Prosecution Exhibits:**

| Sl.No. | Exhibit Number | Description | Date |
|---|---|---|---|
| 1. | Ext.P1/PW3 | KL-20-B-8564 നമ്പർ വാഹനത്തിന്റെ പരിശോധന റിപ്പോർട്ട് | 07.06.2012 |
| 2. | Ext.P2/PW3 | പോസ്റ്റ്മോർട്ടം സർട്ടിഫിക്കറ്റ് | 15.05.2012 |
| 3. | Ext.P3/PW4 | പ്രഥമ വിവര പ്രസ്താവന | 15.05.2012 |
| 4. | Ext.P4/PW4 | പ്രഥമ വിവര റിപ്പോർട്ട് | 15.05.2012 |
| 5. | Ext.P5/PW4 | പ്രേതവിചാരണ റിപ്പോർട്ട് | 15.05.2012 |

| | | | |
|---|---|---|---|
| 6. | Ext.P6/PW4 | കൃത്യസ്ഥല മഹസ്സർ | 16.05.2012 |
| 7. | Ext.P7/PW4 | വാഹന മഹസ്സർ | 23.05.2012 |
| 8. | Ext.P8/PW4 | നോട്ടീസ് | Nil |
| 9. | Ext.P9/PW4 | നോട്ടീസിനു മറുപടി | Nil |
| 10. | Ext.P10/PW4 | KL-20-B-8564 നമ്പർ വാഹനത്തിന്റെ മൂന്നാം സ്ഥാനക്കൈച്ചീട്ട് | Nil |
| 11. | Ext.P11/PW4 | പ്രതിയെ തിരിച്ചറിഞ്ഞ റിപ്പോർട്ട് | 07.06.2012 |
| 12. | Ext.P12/PW4 | ജാമ്യക്കൈച്ചീട്ട് | 07.06.2012 |

5. **<u>Defence Exhibits :</u> Nil**

6. **<u>Court Exhibits : Nil</u>**

7. **<u>Material Objects : Nil</u>**

Sd/-

**ന്യായാധികാരി.**

//True Copy//

**ന്യായാധികാരി.**